Media Commission
Diocese Of Idukki

ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

വാല്യം : 4 ലക്കം : 1 നവംബർ 2022

# മിഷൻലീഗിന്റെ മുദ്രാവാക്യം ജീവിച്ചവരാണ് ഹൈറേഞ്ചുകാർ : മാർ ജോസഫ് കൊടകല്ലിൽ.




ചെറുപുഷ്പ മിഷൻ ലീഗിന്റെ മുദ്രാവാക്യമായ സ്നേഹം ത്യാഗം സേവനം സഹനം എന്നിവ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരാണ് ഹൈറേഞ്ചിലെ ജനങ്ങളെന്ന് സത്ന രൂപത മെത്രാൻ മാർ ജോസഫ് കൊടകല്ലിൽ. തങ്കമണി സെൻറ് തോമസ് ഫൊറോനാ പള്ളിയിൽ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മെത്രാൻ . ഇത്തരത്തിൽ മലയോര മേഖലയിലെ ജനങ്ങൾ പ്രേഷിത പ്രവർത്തനമാണ് നടത്തിവരുന്നത്. കർഷകജനത ഏറെ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ഇന്നല്ലെങ്കിൽ നാളെ തങ്ങളുടെ ത്യാഗങ്ങൾക്കും സഹനങ്ങൾക്കും ഫലമുണ്ടാകുമെന്ന പ്രത്യാശയാണ് അവരെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. സഭയെന്നാൽ ഒരുമിച്ച് യാത്ര ചെയ്യുന്നവരുടെ സമൂഹമാണ്. സഭയൊന്നാകെ ഒരു വിശ്വാസയാത്രയിലാണ്. 75 വർഷം മുമ്പ് ഭരണങ്ങാനത്ത് രൂപം കൊണ്ട ചെറുപുഷ്പ മിഷൻലീഗ് ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഏറ്റവും വലിയ അല്മായ സംഘടനയായി മാറിയിരിക്കുകയാണ്. ഇടുക്കിയിലേക്കാൾ വലിയ മലനിരകളുള്ള അരുണാചൽ പ്രദേശിലും പ്രേഷിത പ്രവർത്തനങ്ങൾക്കായി ഇടുക്കി രൂപതയിൽ നിന്നുള്ളവർ ഉണ്ടെന്നതിൽ അഭിമാനമുണ്ട്. മിഷൻ എന്നത് ഒരു ആവേശമാണ്. പ്രേഷിതാഭിമുഖ്യം എല്ലാവരും വർദ്ധിപ്പിക്കണമെന്നും മാർ ജോസഫ് കൊടകല്ലിൽ പറഞ്ഞു. പ്രേഷിത റാലിക്ക് ശേഷം തങ്കമണി പാരീഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. മിഷൻ ലീഗ് രൂപത പ്രസിഡന്റ് ജോർജ്കുട്ടി പുന്നക്കുഴിയിൽ അധ്യക്ഷത വഹിച്ചു. ഒരു വർഷക്കാലമായി സ്വന്തം യൂ ട്യൂബ് ചാനലിലൂടെ വിശുദ്ധരെ പരിചയപ്പെടുത്തി വന്നിരുന്ന എട്ടാം ക്ലാസ് വിദ്യാർത്ഥി ജീവ സന്തോഷിനെ രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ആദരിച്ചു. പ്ലാറ്റിനം ജൂബിലി വർഷ കൈയ്യെഴുത്ത് മാസികയുടെ ഫലപ്രഖ്യാപനവും സമ്മാനദാനവും മോൺ. അബ്രഹാം പുറയാറ്റ് നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കര, ജനറൽ സെക്രട്ടറി അമൽ അമ്പാട്ട് എന്നിവർ പ്രസംഗിച്ചു. മുൻ കാല രൂപതാ ഡയറക്ടർമാരേയും പ്രസിഡന്റുമാരേയും ആനിമേറ്റർമാരേയും റവ.ഡോ.ജോസ് മാറാട്ടിൽ, ഫാ. മർക്കോസ് ചിറ്റേമാരിയിൽ എന്നിവർ ആദരിച്ചു. ആയിരക്കണക്കിന് മിഷൻ ലീഗംഗങ്ങൾ പങ്കെടുത്ത വർണ്ണശബളമായ പ്രേഷിതറാലിക്ക് മാർ ജോൺ നെല്ലിക്കുന്നേൽ രൂപത പ്രസിഡന്റ് ജോർജ്കുട്ടി പുന്നക്കുഴിക്ക് പതാക കൈമാറി ഫ്ളാഗ് ഓഫ് ചെയ്തു.




# ജനപ്രതിനിധികൾ ജനങ്ങളോട് ഉത്തരവാദിത്വം കാണിക്കണം : മാർ ജോൺ നെല്ലിക്കുന്നേൽ



ജില്ലയിലെ ജനപ്രതിനിധികൾ ജനങ്ങളോട് കൂടുതൽ ഉത്തരവാതിത്വം കാണിക്കണമെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ . മുരിക്കശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ കട്ടപ്പന ഉപജില്ലാ സ്കൂൾ കലോത്സവത്തിന് അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മറ്റു ജില്ലകളിലെപോലെ ഇടുക്കിയിലുള്ള മനുഷ്യരും അവകാശങ്ങൾ ഉള്ളവരാണ്. ഒരു മതവിഭാഗത്തിന്റെ മാത്രം പ്രശ്നമല്ല ഇടുക്കിയിലേത്. മുഴുവൻ ജനവിഭാഗങ്ങളുടെയും പിന്തുണയും സഹകരണവും ഭൂപ്രശ്നത്തിലുണ്ടാവണം. ജില്ലയിലെ ജനങ്ങളോട് ഭരണകൂടം വർഷങ്ങളായി കാണിക്കുന്ന അവഗണനയും അപമാനവും തുടരുകയാണ്. ജില്ലയിലെ പ്രശ്നങ്ങളിൽ ജനങ്ങൾക്കു വേണ്ടി സംസാരിക്കാനും നിയമ നിർമ്മാണം നടത്താനും ആരുമില്ലാത്ത അവസ്ഥയാണ്. രണ്ടാം തരം പൗരന്മാരായാണ് ഇടുക്കിയിലെ ജനങ്ങളെ കാണുന്നത്. ജില്ലയിൽ നിന്നും സ്വയം ഒഴിഞ്ഞു പോകാൻ പ്രേരിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

ഇടുക്കിയിലെ കൂമ്പൻപാറ ഫാത്തിമാമതാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളും, കല്ലാർ ഗവൺമെന്റ് സ്കൂളും സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ സ്വന്തമാക്കി. ഇതിനർത്ഥം ഇവിടെ പ്രതിഭകൾ ധാരാളം ഉണ്ട് എന്നാണ്. പക്ഷെ അവർക്കൊന്നും ഇവിടെ നിലനിൽപ്പില്ലാതാകുകയാണ്. ഈ സാഹചര്യത്തിൽ രാഷ്ട്രീയം മറന്ന് ജനപ്രതിനിധികൾ നാടിന്റെ വളർച്ചക്കും വികസനത്തിനുമായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ജല വിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിച്ച യോഗം കേരളാ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

# ആഫ്രിക്ക ചൂഷണം ചെയ്യപ്പെടരുത്: തെക്കൻ സുഡാൻ സന്ദർശിക്കാനുള്ള തീരുമാനം വ്യക്തമാക്കി ഫ്രാൻസിസ് പാപ്പാ



**'ആഫ്രിക്കയ്ക്കൊപ്പമുള്ള ഡോക്ടർമാർ' (CUAMM) എന്ന സംഘടനയിലെ അംഗങ്ങളെ വത്തിക്കാനിൽ സ്വീകരിച്ച പാപ്പാ, ആഫ്രിക്കയ്ക്കൊപ്പം നിൽക്കേണ്ട തിന്റെ ആവശ്യകതയെക്കുറിച്ചും, അടുത്ത വർഷം തെക്കൻ സുഡാൻ സന്ദർശിക്കാനുള്ള തന്റെ തീരുമാനത്തെക്കുറിച്ചും വ്യക്തമാക്കി.**

എഴുപതു വർഷങ്ങളോളം മുമ്പ് ഇറ്റലിയിലെ പാദുവയിൽ ആരംഭിച്ച ആഫ്രിക്കയിലേക്ക് വൈദ്യസഹായമെത്തിക്കാനായും, വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ സന്നദ്ധസേവനത്തിനുള്ള സാദ്ധ്യതകൾ ഒരുക്കുന്നതിനുമായി ഉണ്ടായ 'ആഫ്രിക്കയ്ക്കൊപ്പമുള്ള ഡോക്ടർമാർ' എന്ന സംഘടനയിലെ അംഗങ്ങളെ നവംബർ പത്തൊമ്പതിനു വത്തിക്കാനിൽ സ്വീകരിച്ച പാപ്പാ, ആഫ്രിക്ക ചൂഷണം ചെയ്യപ്പെടാനുള്ള ഇടമല്ലെന്നും, അവിടെയുള്ള ആളുകളുടെ കഴിവുകൾ പ്രോത്സാഹിക്കപ്പെടണമെന്നും ഓർമ്മിപ്പിച്ചു.ആഫ്രിക്കയ്ക്ക് വേണ്ടി എന്ന ചിന്തയേക്കാൾ ആഫ്രിക്കയ്ക്കൊപ്പം എന്ന ചിന്തയാണ് ശരിയെന്ന് പാപ്പാ പറഞ്ഞു. ആഫ്രിക്ക ചൂഷണം ചെയ്യപ്പെടേണ്ട ഇടമാണെന്ന തെറ്റായ ചിന്തയെ തള്ളിപ്പറഞ്ഞ പരിശുദ്ധ പിതാവ്, ആഫ്രിക്കയ്ക്കൊപ്പം നിൽക്കാനും, അതുവഴി ആഫ്രിക്കയ്ക്കു വേണ്ടി പ്രവർത്തിക്കാനുമുള്ള സംഘാംഗങ്ങളുടെ മനോഭാവമാണ് ശരിയെന്നും വ്യക്തമാക്കി. ആഫ്രിക്കയിൽ ഒരു വലിയ ബൗദ്ധിക മൂലധനമുണ്ടെന്ന്, കഴിഞ്ഞ മാസത്തിൽ ആഫ്രിക്കയിൽനിന്നുള്ള യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുമായി നടത്തിയ സൂം മീറ്റിംഗിനെ അധികരിച്ച് പാപ്പാ പറഞ്ഞു.രണ്ടായിരത്തിപതിനഞ്ചിൽ മദ്ധ്യആഫ്രിക്കയിലേക്ക് താൻ നടത്തിയ യാത്രയെക്കുറിച്ച് സംസാരിച്ച പാപ്പാ, അടുത്ത വർഷാരംഭത്തിൽ തെക്കൻ സുഡാൻ സന്ദർശിക്കാനുള്ള തന്റെ തീരുമാനവും അറിയിച്ചു. പലപ്പോഴും പാവപ്പെട്ടതും ദുർബലവുമായ പല ആഫ്രിക്കൻ രാജ്യങ്ങളെയും, അവയിൽനിന്ന് ചൂഷണം ചെയ്യാനുള്ള വിഭവങ്ങളുടെ പേരിൽ മാത്രമാണ് ലോകം പരിഗണിക്കുന്നതെന്നും, എന്നാൽ ദൈവം അവിടുത്തെ ആളുകളെ തന്റെ പ്രിയപ്പെട്ടവരായി കണക്കാക്കുകയും, 'ആഫ്രിക്കയ്ക്കൊപ്പമുള്ള ഡോക്ടർമാർ' എന്ന സംഘടനാംഗങ്ങളെപ്പോലെയുള്ള നല്ല സമരിയക്കാരെ തന്റെ സുവിശേഷത്തിന്റെ സാക്ഷികളായി അയക്കുകയാണെന്നും പാപ്പാ പറഞ്ഞു. അവിടെ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടാനും, ചികിത്സ ലഭ്യമല്ലാത്ത വിദൂരയിടങ്ങളിൽ സഹായമേകാനും പാപ്പാ ഡോക്ടർമാരെ ആഹ്വാനം ചെയ്തു.'ആഫ്രിക്കയ്ക്കൊപ്പമുള്ള ഡോക്ടർമാർ' എന്ന സംഘടനയിലെ ഡോക്ടർമാരും സന്നദ്ധസേവകരുമടങ്ങുന്ന ഏഴായിരത്തോളം ആളുകളെയാണ് പാപ്പാ വത്തിക്കാനിൽ സ്വീകരിച്ചത്.

# CBCI-യ്ക്ക് പുതു നേതൃത്വം



തൃശൂർ അതിരൂപതയുടെ അധ്യക്ഷനും എറണാകുളം അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനെ ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ (സിബിസിഐ) പുതിയ പ്രസിഡന്റായി തെരഞ്ഞെടുത്തു. മുംബൈ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസായിരിന്നു 2018-2020, 2020-2022 കാലയളവിലായി ഭാരത മെത്രാൻ സമിതിയുടെ അധ്യക്ഷ സ്ഥാനം വഹിച്ചുക്കൊണ്ടിരിന്നത്. ബാംഗ്ലുരിൽ നടന്നുവരുന്ന ഇന്ത്യൻ ബിഷപ്സ് കോൺഫറൻസിന്റെ വാർഷിക പൊതുയോഗത്തിൽ നിന്നാണ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനെ പുതിയ അധ്യക്ഷനായി തെരഞ്ഞെടുത്തുള്ള പ്രഖ്യാപനം ഉണ്ടായത്.

1951 ഡിസംബർ 13-ന് ജനിച്ച ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് 1977 മാർച്ച് 14-നാണ് വൈദികനായി അഭിഷിക്തനായത്. സഭാനിയമത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയശേഷം അതിരൂപതയിലും സഭാതലത്തിലും വിവിധ മേഖലകളിൽ സേവനം അനുഷ്ഠിച്ചു. 2004 മെയ് 1-ാം തീയതി തൃശൂർ അതിരൂപതയുടെ സഹായ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട മാർ താഴത്ത് 2007 മാർച്ച് 18-ന് അതിരൂപതയുടെ അധ്യക്ഷ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. പെർമനൻറ് സിനഡ് അംഗം, പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ, വിദ്യാഭ്യാസ കമ്മിറ്റി കൺവീനർ, കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ അംഗം, കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇക്കഴിഞ്ഞ ജൂലൈ 30നു അദ്ദേഹത്തെ എറണാകുളം - അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഫ്രാൻസിസ് പാപ്പ നിയമിച്ചിരിന്നു. മാർപാപ്പയെ തന്റെ അജപാലന ദൗത്യങ്ങളിൽ സഭാനിയമ വ്യാഖ്യാനത്തിലൂടെ സഹായിക്കുന്ന റോമൻ കൂരിയയുടെ ഭാഗമായ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെജിസ്ലേറ്റീവ് ടെക്സ്റ്റ്സിൽ ഉപദേശകൻ കൂടിയാണ് മാർ ആൻഡ്രൂസ്. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയിലേക്ക് മാർ ആൻഡ്രൂസ് താഴത്തിനോടൊപ്പം മദ്രാസ് - മൈലാപ്പൂർ ആർച്ച്ബിഷപ്പ് ഡോ. ജോർജ് അന്തോണിസാമി, ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് എന്നിവരെ പുതിയ വൈസ് പ്രസിഡന്റുമാരുമായും തെരഞ്ഞെടുത്തു. മഹാരാഷ്ട്രയിലെ വസായ് രൂപതാധ്യക്ഷനായ ഡോ. ഫെലിക്സ് മച്ചാഡോയാണു സെക്രട്ടറി ജനറൽ. ബംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് ഓഡിറ്റോറിയത്തിൽ നടന്നുവരുന്ന സിബിസിഐയുടെ 35-ാം പ്ലീനറി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്

## എഡിറ്റോറിയൽ

# എന്തിനാണ് ഹൈറേഞ്ചിനോട് ഈ അവഗണന..???

രാജ്യത്തെ ഏറ്റവും സംസ്കാര സമ്പന്നരെന്ന് അഭിമാനിക്കുന്ന കേരളത്തിൽ, പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ മലയോര മേഖലകളിൽ അധിവസിക്കുന്ന കർഷക ജനതയ്ക്ക് തങ്ങളുടെ മണ്ണിൽ സ്വതന്ത്രമായി ജീവിക്കുവാനും വസ്തു വകകൾ സമ്പാദിക്കാനുമുള്ള പൗരാവകാശം ചില ബാഹ്യശക്തികളുടെ സമ്മർദ്ദത്തിനു വഴങ്ങി നിഷേധിക്കപ്പെടുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. കേരളത്തിൽ പശ്ചിമഘട്ട മലനിരകളോട് ചേർന്നുകിടക്കുന്ന ബഹുഭൂരിപക്ഷം ജനവാസ ഭൂമിയും 1960 ലെ ഭൂനിയമങ്ങൾ പ്രകാരം പട്ടയം നൽകപ്പെട്ടവയാണ്. ഇത് കേരളത്തിന്റെ ആകെ ജനവാസമേഖലയുടെ 40 – 50 ശതമാനത്തോളം വരും. ചുരുക്കി പറഞ്ഞാൽ 1960 – ലെ ഭൂനിയമങ്ങൾ എല്ലാം കേരളത്തിലെ ആകെ ജനവാസ മേഖലയുടെ 40% ഭാഗത്തും ബാധകമാണ്. വസ്തുതകൾ ഇതായിരിക്കെ കേരളത്തിൽ മിക്കയിടത്തും ബാധകമാകേ ഭൂനിയമങ്ങളും, ഭൂവിനിയോഗ നിയന്ത്രണങ്ങളും ഇടുക്കി ജില്ലയിൽ മാത്രമായി കർശനമായി അടിച്ചേൽപ്പിക്കുവാൻ റവന്യൂ വകുപ്പ് നിർബന്ധം പിടിക്കുന്നു എന്നതാണ് ഇടുക്കി ജില്ലയെ സമ്മർദ്ദത്തിലാക്കിയിരിക്കുന്ന ഭൂപ്രശ്നം.വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രികളും, ദേവാലയങ്ങളും, ക്ഷേത്രങ്ങളും, സിനിമാ തിയേറ്ററുകളും, സഹകരണ ബാങ്കുകളും – മറ്റ് ഇതര ബാങ്കുകളും, പെട്രോൾ പമ്പുകളും, വ്യാപാര സ്ഥാപനങ്ങളും എന്നു വേണ്ട മൊബൈൽ ടവറുകൾ അടക്കം ആധുനിക ജീവിതത്തിന്റെ ഭാഗമായ എല്ലാ നിർമ്മിതികളും നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ളതാണെന്നും ആയതുകൊണ്ടു തന്നെ അവ കണ്ടുകെട്ടി നശിപ്പിച്ചു കളയണമെന്നുമാണ്  റവന്യൂ വകുപ്പിലെ ബുദ്ധി ജീവികൾ ഗവൺമെന്റിനോട് ഉപദേശിച്ചിരിക്കുന്നത്.

ഇപ്പറയുന്ന നിയന്ത്രണങ്ങൾ ഒക്കെയും ഇടുക്കി ജില്ലയിൽ മാത്രം ബാധകമാക്കിയാൽ മതി എന്നതാണ് ഇവരുടെ നിർബന്ധം. ഈ നിയമം ബാധകമായുള്ള കേരളത്തിലാകമാനമുള്ള പ്രദേശങ്ങളിൽ 30 ലക്ഷത്തിലേറെ അനധികൃത നിർമ്മിതികൾ ഉണ്ടെന്നിരിക്കെ ആയതിന്റെ 90 ശതമാനത്തിനും സംരക്ഷണ കവചം ഒരുക്കിക്കൊണ്ട് ഇടുക്കി ജില്ലയിലെ നിർമ്മിതികളെ മാത്രം വിചാരണ ചെയ്തു കൊണ്ട് ജില്ലയിൽ മാത്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുള്ള വ്യഗ്രതയാണ് ഏറ്റവും ഭീതികരമായി കാണേണ്ട വിരോധാഭാസം. സംസ്ഥാന നിയമസഭയിൽ കേവലം ഒരു മണിക്കൂർ സമയംകൊണ്ട് ഭേദഗതി ചെയ്യാവുന്ന ഒരു ചട്ടം മാത്രമാണ് ഈ വിഷയത്തിന്റെ മൂലാധാരം. അഴിമതിക്കാരായ ഭരണാധികാരികളെ പൂട്ടുന്നതിനായുള്ള ലോകായുക്ത നിയമം തങ്ങളുടെ താത്പര്യങ്ങൾക്ക് അനുകൂലമായി ഭേദഗതി ചെയ്യുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനാമെടുത്ത ഗവൺമെന്റാണിതെന്നോർക്കണം. സംസ്ഥാനത്തെ സംഘടിത ഉദ്യോഗസ്ഥ വർഗത്തിനായി നിയമങ്ങൾ ഭേദഗതി ചെയ്യുവാനും ഇവർക്ക് മണിക്കൂറുകൾ മാത്രം മതി.കഴിഞ്ഞ മൂന്ന് വർഷക്കാലമായി ജില്ലയിലെ മലയോര മേഖലകളിൽ ഗാർഹികേതര നിർമ്മിതികൾക്കൊന്നും നിയമാനുസൃത അനുമതി ലഭ്യമല്ലാത്ത അവസ്ഥയിലാണ്. ചെറുകിട ഏലം  സ്റ്റോറുകൾ മുതൽ  ആരാധനാലയങ്ങളും ആശുപത്രികളും വിദ്യാലയങ്ങളും ബാങ്കുകളും വ്യാപാരസ്ഥാപനങ്ങളും അടക്കം ദൈനംദിന ആവശ്യങ്ങൾക്കായുള്ള എല്ലാത്തരം കെട്ടിട നിർമ്മിതികൾക്കും  വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു. മാത്രവുമല്ല നാളിതുവരെ പണിതിട്ടുള്ള ഇത്തരം  നിർമ്മിതികൾ എല്ലാം അനധികൃതകമാണെന്നും ആയതിനാൽ തന്നെ മരടിലെ ഫ്ളാറ്റ്പോലെ പൊളിച്ചു കളയണം എന്നുമാണ് റവന്യൂ വകുപ്പ് സർക്കാരിനെ ഉപദേശിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ആകമാനം മുപ്പത് ലക്ഷത്തോളം നിർമ്മിതികൾ ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണെന്നിരിക്കെ, ഇടുക്കി ജില്ലയിൽ മാത്രം നിയമം നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് വിവേചനപരമായ വിരോധാഭാസം.


നമ്മുടെ അയൽ സംസ്ഥാന പട്ടണമായ കമ്പത്ത് കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ് സജ്ജമായി കഴിഞ്ഞു. സമീപനാളുകളിൽ നിർമ്മാണ ആവശ്യങ്ങൾക്കാവശ്യമായ കോൺക്രീറ്റ് മിക്സർ വീട്ടുമുറ്റത്ത് എത്തിതുടങ്ങും. ഇതേ തുടർന്ന് സിമന്റ് വ്യാപാര മേഖല തകരും, തൊളിലാളികൾക്ക് പണിയില്ലാതാവും. ബന്ധപ്പെട്ട മേഖലകളിലെല്ലാം വലിയ തോതിൽ തൊഴിൽ നഷ്ടമാകും. പ്രാണരക്ഷാർത്ഥം വന്യ ജീവികളോട് ഏറ്റുമുട്ടാൻ നിയമം അനുവദിക്കുന്നില്ല. ഒരു കാട്ടു പന്നിക്കുപോലും മനുഷ്യനെക്കാൾ പരിരക്ഷ ലഭിക്കുന്നു. സാമാന്യ നീതിപോലും നിഷേധിച്ച കരിനിയമങ്ങളാലും നിയന്ത്രണങ്ങളാലും കർഷകരെ വരിഞ്ഞ് മുറുക്കുകയാണ് അധികൃതർ.

പ്രദേശത്തെ പുതിയ തലമുറ ഒന്നൊന്നായി നാടുവിടുകയാണ്. അന്യദേശത്തു പോയി അടിമ വേലചെയ്യുന്നതുപോലും സ്വന്തം നാടിനെക്കാൾ സുരക്ഷിതമാണെന്ന് കരുതാൻ തക്കവിധം യുവാക്കളുടെ മനോവീര്യം നഷ്ടപ്പെട്ടിരിക്കുന്നു. അതിനും ഉപരിയായി സ്വന്തം നാടിന്റെ കരുതലിലും സംരക്ഷണയിലും ഉള്ള വിശ്വാസം അവർക്ക് നഷ്ടമായിരിക്കുന്നു എന്നു തന്നെ പറയണം.അനുദിന നിവൃത്തിക്കായി ചിലരൊക്കെ എന്തൊക്കെയോ ചട്ടപ്പടി സമരങ്ങൾ കാട്ടിക്കൂട്ടുന്നു. ഭരണ നേതൃത്വത്തിലുള്ളവർ വാണിയനും വാണിയത്തിയും കളിക്കുകയാണ്. മലയോരത്തിന്റെ കാവൽ ഭടൻമാരെന്നു മേനി നടിച്ചിരുന്നവരാകട്ടെ ആപ്പിനുള്ളിൽ വാലുപോയ കുരങ്ങന്റെ അവസ്ഥയിലുമാണ്, കാഴ്ചയും, കാഴ്ചപ്പാടും നഷ്ടപ്പെട്ട പ്രതിപക്ഷം നിലയില്ലാക്കയത്തിൽ മുങ്ങിത്തപ്പുന്നു. എന്തിനാണ്  ഹൈറേഞ്ചിനോട് ഈ അവഗണന..???



# മയക്കും ലഹരിയിൽ മയങ്ങരുതെ...

കേരള സംസ്ഥാനം രൂപീകൃതമായി 65 വർഷം പിന്നിട്ടു. ഇക്കാലയളവിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തുടങ്ങി വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. ഇതിൽ തന്നെ ചില നേട്ടങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങൾക്കു തുല്യമായ അഭിമാനാർഹമായ സ്ഥാനവും നമുക്കുണ്ട്. എന്നാൽ സമൂഹത്തിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം കേരളം നേടിയെടുത്തിട്ടുള്ള വികസനത്തിനും, പുരോഗതിക്കും, സാംസ്കാരിക മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. മനുഷ്യനെ ശാരീരികമായും, മാനസികമായും തകർക്കുന്ന സമൂഹ്യ വിപത്താണ് ലഹരി.  ആരോഗ്യ പ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങളുടെ തകർച്ച, കുറ്റകൃത്യം, ആത്മഹത്യ തുടങ്ങി മദ്യവും, മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം നിരവധിയാണ്. കൂടുതലായി കുട്ടികളിലും, യുവജനങ്ങളിലും പിടിമുറുക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല. എന്താണെന്ന് അറിയാനുള്ള ആകാംക്ഷ, കിട്ടുമെന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ,വിഷാദം മാറ്റാൻ, ക്ഷീണം മാറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ, അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്ത് ചെയ്യണമെന്നറിയാത്തവർ, എന്നിങ്ങനെ ലഹരി വസ്തുക്കളിലേക്ക് മാറാൻ കാരണങ്ങൾ നിരവധിയാണ്.



മൊബൈൽ ഫോണും, ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകളും ഇതിന് കാരണമാകുന്നുണ്ട്.ലഹരി മരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് കുട്ടികളാണ്. ജീവിതം തന്നെ വഴി തെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച് വേണ്ടത്ര അറിവ് കുട്ടികൾക്കില്ല. ഉണ്ടായിരുന്നെങ്കിൽ പലരും ഈ ദുർഗതിയിൽ പെടില്ലല്ലോ!  കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഈ ദുശ്ശീലം കാട്ടുതീയേക്കാൾ വേഗത്തിൽ വളർന്നു സമൂഹത്തെ കീഴ്പ്പെടുത്തുകയാണ്. ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാ ഗർത്തങ്ങളിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത്.കാലാന്തരത്തിൽ ലഹരി ഉപയോഗിക്കാൻ കൂട്ട് നിന്നവരോ, പഠിപ്പിച്ചവരോ, ആരും കൂട്ടാനില്ലാതെ ലഹരിയുടെ മാത്രം സൗഹൃദത്തിൽ ഏകാന്തരായി കഴിയാനാണ് ഇവരുടെ വിധി. അർബുദം, ആരോഗ്യ പ്രശ്നങ്ങൾ, മാനസിക രോഗം എന്നിവ ഇവരെ തേടിയെത്തും.മാനസിക വ്യാപാരങ്ങളെയും, മൃദുല വികാരങ്ങളെയും മരവിപ്പിച്ചു കളയുന്ന ഇത്തരം രസക്കൂട്ടുകൾ ക്രൂരമായ എന്ത് പ്രവൃത്തിയും ചെയ്യാൻ മടിയില്ലാത്തവരാക്കി ഉപയോക്താക്കളെ മാറ്റുന്നുണ്ട്. ദിനംപ്രതി ഇത്തരം വാർത്തകൾ നാം കാണുന്നതാണ്.

പുതിയ രൂപത്തിലും ഭാവത്തിലും പടർന്നു പന്തലിക്കുന്ന ലഹരിയുടെ ഈ കരാളഹസ്തങ്ങൾക്ക് കൈയാമമിടുകയെന്ന ശ്രമകരമായ ദൗത്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ലഹരി വിരുദ്ധ ദിനം. 1987 മുതലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 ന് ലഹരി വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്. മുപ്പതാണ്ട് പിന്നിടുമ്പോഴും ജാതി മത പ്രായ ഭേദമന്യേ സ്ത്രീകളും, കുട്ടികളുമടക്കം ലഹരിയൊരുക്കുന്ന അപകടച്ചുഴികളിൽ പതിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.ലഹരിയുടെ വല അനുദിനം വിസ്തൃതമായി നമ്മുടെ നാടിനെ വരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ അതിശക്തമായ പ്രചാരണബോധവൽക്കരണ പ്രവർത്തനത്തിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തണം അതോടൊപ്പം ലഹരി ഉപയോഗം  തടയുന്നതിനുള്ള സർക്കാർ പദ്ധതികളും നിലവിലുള്ള നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും വേണം. അതിന് എല്ലാവരും ലഹരി ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൂടി എടുക്കണം



Dr. Rajeev Abraham MBBS, MD
(Gen Med), DM (Cardio)
Consultant - Cardiologist
Mar Sleeva Medicity

# ടാവി : ഹൃദയ വാൽവ് ചികിത്സയുടെ ഗുണങ്ങൾ അറിയാം...

ശസ്ത്രക്രിയ കൂടാതെ ഹൃദയത്തിന്റെ വാൽവ് മാറ്റിവയ്ക്കുന്ന അതിനൂതനമായ ചികിത്സാ രീതിയാണ് ടാവി (TAVI) അഥവാ ട്രാൻസ് കത്തീറ്റർ അയോർട്ടിക് വാൽവ് ഇംപ്ലാന്റേഷൻ.ഹൃദയത്തിന് നാല് വാൽവുകൾ ആണ് ഉള്ളത്. വലതു വശത്ത് രണ്ടു വാൽവും ഇടതു വശത്ത് രണ്ടു വാൽവും. വലതു ഭാഗത്തുള്ളത് ട്രൈകസ്പ്പിഡ് വാൽവും, പൾമണറി വാൽവും ഇടത് ഭാഗത്ത് അയോർട്ടിക് വാൽവും, മൈട്രൽ വാൽവും സ്ഥിതി ചെയുന്നു. ഈ ഓരോ വാൽവിനും പ്രത്യേകമായ ജോലികൾ ആണ് ഉള്ളത്. ഈ വാൽവ് ലീക്കാവുകയോ, ചുരുങ്ങുകയോ ചെയ്യുമ്പോൾ അത് ഹൃദയത്തിന്റെ പ്രവർത്തനത്തെ ബാധിക്കും. അതിൽ അയോർട്ടിക് വാൽവിനെ ബാധിക്കുന്ന രോഗങ്ങൾക്കാണ് ടാവി ചെയ്യാറുള്ളത്.

## ടാവി എന്നാൽ എന്ത് ??

ഹൃദയം തുറക്കാതെ രക്തക്കുഴലുകളിൽ കൂടി കടത്തിവിടുന്ന ട്യൂബിലൂടെ (കത്തീറ്റർ) ഹൃദയ വാൽവ് മാറ്റുന്ന നൂതന സാങ്കേതിക വിദ്യയാണ് ടാവി.
തകരാറിലായ അയോർട്ടിക് വാൽവ് മാറ്റിവെക്കേണ്ടതും എന്നാൽ പ്രായാധിക്യമോ മറ്റു അവശതകളോ കാരണം ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്ക് വിധേയരാകാൻ സാധിക്കാത്തവരിൽ ആണ് പൊതുവെ ടാവി ചെയ്യുന്നത്. പ്രധാനമായും അയോർട്ടിക് സ്റ്റെനോസിസ് ഉള്ളപ്പോൾ ആണ് ടാവി ചെയ്യുന്നതെങ്കിലും വളരെ ചുരുക്കമായി അയോർട്ടിക് വാൽവിന് ലീക് വരുന്ന അവസ്ഥയിലും ടാവി ചെയ്യാറുണ്ട്.



## അയോർട്ടിക് സ്റ്റെനോസിസ് എന്നാൽ എന്ത്?

ഹൃദയത്തിൽ നിന്ന് രക്തം പുറത്തേക്ക് കൊണ്ട് പോകുന്ന മഹാരക്തധമനിയാണ് അയോർട്ട. ഈ മഹാരക്തധമനിയുടെ വാൽവ് ചുരുങ്ങി പോകുന്ന രോഗാവസ്ഥയാണ് അയോർട്ടിക് സ്റ്റെനോസിസ്.

## ടാവിയുടെ പ്രയോജനങ്ങൾ എന്തെല്ലാം ആണ്?

ടാവിക്ക് സാധാരണ വാൽവ് മാറ്റിവെക്കൽ ശാസ്ത്രക്രിയയുമായി ഒരുപാട് വ്യത്യാസങ്ങൾ ഉണ്ട്. പ്രായം കൂടിയവർ, ശ്വാസ സംബന്ധമായ അസുഖങ്ങൾ ഉള്ളവർ, ഹൃദയത്തിന്റെ പമ്പിങ് കുറഞ്ഞവർ തുടങ്ങി ഓപ്പൺ ഹാർട്ട് സർജറിക്ക് റിസ്ക് കൂടുതൽ ഉള്ള രോഗികൾക്ക് ഉത്തമമാണ് ടാവി. ഈ ചികിത്സാ രീതിയിൽ രോഗിക്ക് ചെറിയ ഒരു അനസ്തേഷ്യ നൽകി മയക്കി കിടത്തേണ്ട ആവശ്യമേ ഉള്ളു. ഇത് കൂടാതെ വലിയ മുറിവ് ഉണ്ടാകുന്നില്ലന്നതിനാൽ രക്ത നഷ്ട്ടം വളരെ കുറവാണ്. കുറഞ്ഞ ദിവസത്തെ ആശുപത്രി വാസത്തിന് ശേഷം വളരെ വേഗം തന്നെ രോഗിക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങി പോകാൻ സാധിക്കുന്നു.

## അയോർട്ടിക് സ്റ്റെനോസിസിന് ചികിത്സാ രീതികൾ

ആദ്യമേ വാൽവ് ചുരുങ്ങിയതിന്റെ കാഠിന്യം എത്ര മാത്രം ഉണ്ടെന്ന് നോക്കിയിട്ടാണ് ചികിത്സാ രീതി തീരുമാനിക്കുന്നത്. കാഠിന്യം കുറഞ്ഞ തകരാർ ആണെങ്കിൽ മരുന്ന് ഉപയോഗിച്ചുള്ള ചികിത്സാ രീതി മതിയാകും.
ബലൂൺ വാൽവുലോപ്ലാസ്റ്റി എന്ന ഒരു ചികിത്സ പലപ്പോഴും ചെയ്യാറുണ്ട്. പക്ഷെ ഇതിനു ദീർഘകാലത്തെ ഫലപ്രദമായ പരിഹാരം നൽകുവാൻ സാധിക്കില്ല. അത് കൊണ്ട് തന്നെ വാൽവ് മാറ്റിവയ്ക്കുന്നതാണ് ഈ അസുഖത്തിന് പൂർണ്ണമായും ഫലപ്രദമായ ചികിത്സ.
വാൽവ് മാറ്റിവെക്കുവാൻ രണ്ടു രീതികൾ ആണ് ഉള്ളത്. ഒന്ന് ഹൃദയവും നെഞ്ചും തുറന്നുള്ള ശസ്ത്രക്രിയയും, രണ്ടാമത്തേത് വലിയ മുറിവ് ഉണ്ടാകാത്ത രീതിയിൽ ഉള്ള താക്കോൽ ദ്വാര ശസ്ത്രക്രിയയും

## സർജിക്കൽ അയോർട്ടിക് വാൽവ് മാറ്റിവെക്കൽ എന്നാൽ എന്ത്?

ഹൃദയം തുറന്നുള്ള വാൽവ് മാറ്റിവെക്കുന്ന ശസ്ത്രക്രിയയാണ് സർജിക്കൽ അയോർട്ടിക് വാൽവ് റീപ്ലെയിസ്മെന്റ്. ഹൃദയമിടിപ്പ് പൂർണ്ണമായും നിർത്തി രോഗിയെ ഹാർട്ട്-ലങ് മെഷീനിലേക്കു ബന്ധിപ്പിക്കുകയും ഈ മെഷീനിന്റെ സഹായത്തോടെ ശരീരത്തിലെ രക്തയോട്ടവും ഓക്സിജനേഷ നും നടത്തുന്നു. ഈ അവസരത്തിൽ സർജൻ രോഗബാധിതമായ അയോർട്ടിക് വാൽവ് മാറ്റി പകരം മറ്റൊരു വാൽവ് തുന്നിപിടിപ്പിക്കുന്നു.

## ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയയുടെ സങ്കീർണതകൾ എന്തെല്ലാം ആണ്?

- വലിയ മുറിവ് മൂലമുണ്ടാകുന്ന വേദനയും പ്രശ്നങ്ങളും
- 12 – 36 മണിക്കൂർ വരെ ദീർഘമായ ഐ.സി.യു വാസം
- ദീർഘമായ ആശുപത്രി വാസം
- നീണ്ട വിശ്രമം
- പ്രായാധിക്യം മറ്റു സങ്കീർണമായ രോഗങ്ങൾ ഉള്ളവർക്ക് റിസ്ക് കൂടുതൽ ആണ്

## ക്രിസ്റ്റീൻ ധ്യാനവും ദിവ്യകാരുണ്യ സെമിനാറും

സി.എം.സി സന്യാസിനിമാരുടെ നേതൃത്വത്തിൽ ഇടവകകളിലും സ്കൂളുകളിലും ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു

വിശദവിവരങ്ങൾക്ക്
സി. മേബിൾ സി.എം.സി. 8590844684
സി. നിത്യ സി.എം.സി. 8078755919

എസ്.എ.ബി.എസ് സന്യാസിനിമാരുടെ നേതൃത്വത്തിൽ സൺഡേ സ്കൂളുകളിൽ അർദ്ധദിന സെമിനാറുകൾ നടത്തുന്നു

വിശദവിവരങ്ങൾക്ക്
സി. മരിയറ്റ് എസ്.എ.ബി.എസ് 8547865713
സി. അഞ്ചു റോസ്സ്.എ.ബി.എസ് 7306198584

ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ സി. പ്രദീപ സി.എം.സി. ഇടുക്കി കാർമ്മൽഗിരി പ്രൊവിൻസ് അംഗമായ സി പ്രദീപ, പാവനാത്മ കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവിയാണ്








# ഇടുക്കിയുടെ യശസ്സുയർത്തി കൂമ്പൻപാറ സ്കൂൾ



സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഓവറോൾ സ്കൂൾ ചാമ്പ്യൻപട്ടം കരസ്ഥമാക്കി കൂമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഇടുക്കിയുടെ യശസ്സുയർത്തി. 1294 സ്കൂളുകളെ പിന്തള്ളി 125 പോയിന്റോടെ സ്കൂൾ ചാമ്പ്യൻപട്ടം കരസ്ഥമാക്കി. 25 ൽ 25 ഉം നേടി കണക്ക് കൂട്ടിയെടുത്ത വിജയമാണ് സ്കൂളിന്റേത്. സയൻസ്, ഗണിതം, സാമൂഹികം, ഐടി, പ്രവർത്തിപരിചയം തുടങ്ങിയ ഇനങ്ങളിൽ പങ്കെടുത്ത 25 കുട്ടികളും എ ഗ്രേഡ് നേടിയാണ് ചാമ്പ്യൻ പട്ടം നേടിയത്. മുൻപും സയൻസ്, ഐടി, വർക്ക് എക്സ്പീരിയൻസ്, വിഭാഗങ്ങളിൽ ഓവറോൾ ഫസ്റ്റ് സ്കൂൾ നേടിയിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിൽ നിന്നുമുള്ള മത്സരാർത്ഥികളെ പിന്തള്ളിയാണ് സ്കൂൾ നേട്ടം കൊയ്തത്. സംസ്ഥാന ശാസ്ത്രോത്സവത്തിന് മുന്നോടിയായി നടന്ന സബ്ജില്ല, ജില്ല മത്സരങ്ങളിൽ കൂമ്പൻപാറ സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. പഠനത്തോടൊപ്പം കലാകായിക, ശാസ്ത്ര രംഗങ്ങളിലും വേണ്ടത്ര പ്രോത്സാഹനമാണ് സ്കൂൾ പ്രിൻസിപ്പൽ സി. പ്രീതി ഹൈസ്കൂൾ പ്രധാന അധ്യാപിക സി. ക്രിസ്റ്റീന എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് നൽകുന്നത്. വിദ്യാലയ വർഷം ആരംഭിക്കുമ്പോൾ മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി കുട്ടികൾക്ക് പരിശീലനം നൽകും. സ്കൂൾ സമയത്തിൽ അവസാനത്തെ ഒരു മണിക്കൂർ പരിശീലനത്തിന് അധ്യാപകരെ നിയോഗിക്കും. ചിട്ടയായ പരിശീലനത്തിലൂടെയാണ് കുട്ടികളെ മത്സരത്തിന് പ്രാപ്തരാക്കുന്നത്.



മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി യിൽ അസി. പ്രൊഫസർഷിപ്പിന് അർഹയായ യായ ഡോ. സി. മരിയ മംഗലം SABS. ഇടുക്കിപ്രൊവിൻസ് അംഗമായ സി. മരിയ ഇപ്പോൾ മുരിക്കാശ്ശേരി പവനാത്മ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറാണ്.









**അഭി. പിതാവ് വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച സ്നേഹഗിരി ഇടകവയിലെ വൈദികമന്ദിരം**




**ബൈബിൾ നിർമ്മാണത്തിനായി ഇടുക്കി രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് HDS, CML, KCYM എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സമാഹരിച്ച പേപ്പർ ഫിയാത്ത് മിഷന് കൈമാറുന്നു**

# മിഷനറിമാർക്കായി ജപമാലകൾ




ഇടുക്കി രൂപത ഏറ്റെടുത്തു പ്രവർത്തനങ്ങൾ നടത്തുന്ന അരുണാചൽ മിഷനിലെ കുട്ടികൾക്ക് നല്കാനായി അഞ്ഞൂറോളം ജപമാലകൾ തങ്കമണി സെന്റ് തോമസ് ഹൈസ്കൂളിലെ KCSL കുട്ടികൾ ഡയറക്ടർ റവ.ഫാ.ജേക്കബ് മങ്ങാടംപള്ളിക്ക് ശേഖരിച്ചു നല്കി. പ്രധാന അധ്യാപകൻ എം.ടി ജോർജിന്റെ സാന്നിധ്യത്തിലാണ് ജപമാലകൾ കൈമാറിയത്

CAREER CORNER

# ഫാഷൻ ഡിസൈനിങ് രംഗത്ത് മികച്ച കരിയർ ആഗ്രഹിക്കുന്നവർക്ക് NIFT.

ആധുനിക ജീവിതത്തിന്റെ മുഖമുദ്രയായ ഫാഷൻ രംഗത്ത് സിദ്ധികളും വൈഭവങ്ങളും കൊണ്ട് വിസ്മയങ്ങൾ വിരിയിച്ച് ഉയരങ്ങളിലെത്താൻ ആഗ്രഹിക്കുന്ന യുവജനങ്ങളെ ശാസ്ത്രീയമായി ശീലിപ്പിക്കുന്ന ശ്രേഷ്ഠ സ്ഥാപനമാണ് എൻഐഎഫ്ടി (National Institute of Fashion Technology) കണ്ണൂരടക്കം 18 ക്യാംപസുകളിലെ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഡിസംബർ 31 വരെ ഓൺലൈൻ അപേക്ഷ സ്വീകരിക്കും. അപേക്ഷാഫീ 3000 രൂപ. പട്ടിക, ഭിന്നശേഷി വിഭാഗക്കാർക്ക് 1500 രൂപ. 5000 രൂപ ലേറ്റ് ഫീ കൂടിയടച്ച് ജനുവരി ആദ്യവാരം വരെ അപേക്ഷിക്കാം. ജനുവരി മൂന്നാം വാരം അഡ്മിറ്റ് കാർഡ് സൈറ്റിൽ വരും.



## എൻട്രൻസ് പരീക്ഷ 37 കേന്ദ്രങ്ങളിൽ

എല്ലാ പ്രോഗ്രാമുകൾക്കുമുള്ള എൻട്രൻസ് പരീക്ഷ ഫെബ്രുവരി 5ന് കൊച്ചി, കണ്ണൂർ, കോയമ്പത്തൂർ, ബെംഗളൂരു, ചെന്നൈ, മുംബൈ, ന്യൂഡൽഹി അടക്കം 37 കേന്ദ്രങ്ങളിൽ. പരീക്ഷാഫലം മാർച്ചിൽ വരും. സിറ്റുവേഷൻ ടെസ്റ്റും ഇന്റർവ്യൂവും ഏപ്രിലിൽ.

അന്തിമ സിലക്ഷൻ ലിസ്റ്റ് മേയ് മാസം. സീറ്റ് അലൊക്കേഷൻ മേയ് ജൂൺ മുതൽ. എൻആർഐ, വിദേശ വിഭാഗക്കാർക്ക് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. ഇവർ എൻട്രൻസ് എഴുതേണ്ട. സാറ്റ്/ജിമാറ്റ്/ജിആർഇ സ്കോർ നോക്കി തിരഞ്ഞെടുക്കും. കൃത്യതീയതികളുൾപ്പെടുത്തിയ അറിയിപ്പ് പിന്നീട് സൈറ്റിൽ വരും.

ബിഡിസ്, എംഡിസ് എന്നീ ഡിസൈൻ പ്രോഗ്രാമുകൾക്കുള്ള എഴുത്തുപരീക്ഷയിൽ ജനറൽ എബിലിറ്റി ടെസ്റ്റിനു (ഏഅഠ) പുറമേ ക്രിയേറ്റിവ് എബിലിറ്റി ടെസ്റ്റും (ഇഅഠ) ഉണ്ട്. എഴുത്തുപരീക്ഷയിൽ മികവുള്ള ബിഡിസ് പ്രോഗ്രാമുകാരെ സിറ്റുവേഷൻ ടെസ്റ്റിലേക്കു ക്ഷണിക്കും. ബിഎഫ്ടെക്കിന് ജനറൽ എബിലിറ്റി ടെസ്റ്റ് മാത്രം.

എംഎഫ്എം, എംഎഫ്ടെക് പ്രോഗ്രാമുകൾക്ക് ഏഅഠ, ഇന്റർവ്യൂ എന്നിവയുണ്ട്. ഒബ്ജക്ടീവ് ടെസ്റ്റുകളിൽ തെറ്റിനു മാർക്കു കുറയ്ക്കും. ബാച്‌ലർ പ്രോഗ്രാമുകൾക്കു 4 വർഷത്തേക്ക് 14 ലക്ഷം രൂപയോളം ഫീസ് വരും. താമസച്ചെലവ് പുറമേ.

എൻട്രൻസ് പരീക്ഷയുടെ ഉള്ളടക്കവും ശൈലിയും നന്നായി ഗ്രഹിച്ച് വിശേഷപരിശീലനം കഴിഞ്ഞ് പോകുന്നവർക്കാണ് സിലക്ഷൻ കിട്ടാറുള്ളത്. മാതൃകാചോദ്യങ്ങൾ സൈറ്റിലുണ്ട്. ചിത്രരചനാപാടവമുള്ളതു കൊണ്ടു മാത്രം ടെസ്റ്റ് ജയിച്ചുകയറുക പ്രയാസമാവാം. പഠിച്ചുയോഗ്യത നേടുന്നവർക്കെല്ലാം നല്ല നിയമനം ക്യാംപസ് റിക്രൂട്ട്മെന്റ് വഴി തന്നെ ലഭിക്കാറുണ്ട്.പരീക്ഷാഘടനയും അപേക്ഷാരീതിയുമടക്കം പൂർണവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോഗ്രാമുകൾ

- ബാച്‌ലർ ഓഫ് ഡിസൈൻ (ബിഡിസ്): (4 വർഷം, ഫാഷൻ / ലെതർ / അക്സസറി / ടെക്സ്റ്റൈൽ / നിറ്റ് വെയർ ഡിസൈൻ / ഫാഷൻ കമ്യൂണിക്കേഷൻ. യോഗ്യത പ്ലസ്ടു.
- ബാച്‌ലർ ഓഫ് ഫാഷൻ ടെക്നോളജി (ബിഎഫ്ടെക്): 4 വർഷം. മാത്സും ഫിസിക്സും അടങ്ങിയ പ്ലസ്ടു വേണം.
- മാസ്റ്റർ ഓഫ് ഡിസൈൻ (എംഡിസ്): 2 വർഷം; സർവകലാശാലാ ബിരുദം, അഥവാ എൻഐഡിയിൽ നിന്നോ എൻഐഎഫ്ടിയിൽ നിന്നോ ലഭിച്ച 3 വർഷത്തിൽ കുറയാത്ത ഡിപ്ലോമയാണു പ്രവേശനയോഗ്യത. ഡിസൈന്റെ അടിസ്ഥാനപാഠങ്ങൾ അറിഞ്ഞിരിക്കണം. ഇവ കോഴ്സിൽ പഠിപ്പിക്കില്ല.
- മാസ്റ്റർ ഓഫ് ഫാഷൻ മാനേജ്മെന്റ് (എംഎഫ്എം): 2 വർഷം; സർവകലാശാലാ ബിരുദം അഥവാ എൻഐഎഫ്ടിയിൽ നിന്നോ എൻഐഡിയിൽ നിന്നോ ലഭിച്ച 3 വർഷത്തിൽ കുറയാത്ത ഡിപ്ലോമ.
- മാസ്റ്റർ ഓഫ് ഫാഷൻ ടെക്നോളജി (എംഎഫ്ടെക്): 2 വർഷം; എൻഐഎഫ്ടിയിലെ ബിഎഫ് ടെക് അഥവാ ഏതെങ്കിലും ബിടെക്.


ഫൈനൽ ഇയർ കുട്ടികൾക്കും അപേക്ഷിക്കാം; 2023 സെപ്റ്റംബർ 30ന് അകം യോഗ്യത തെളിയിച്ചാൽ മതി. മിനിമം മാർക്ക് വ്യവസ്ഥയില്ല. ബാച്‌ലർ പ്രോഗ്രാമുകളിലെ അപേക്ഷകരുടെ പ്രായം 2023 ഓഗസ്റ്റ് ഒന്നിന് 24ൽ കുറവായിരിക്കണം. പട്ടിക, ഭിന്നശേഷി വിഭാഗക്കാർക്ക് 5 വയസ്സുവരെ കൂടുതലാകാം. മാസ്റ്റർ ബിരുദ പ്രോഗ്രാമുകൾക്ക് പ്രായപരിധിയില്ല. എല്ലാ പ്രോഗ്രാമുകളിലും കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം സംവരണമുണ്ട്. കണ്ണൂരിൽ ഫാഷൻ / ടെക്സ്റ്റൈൽ / നിറ്റ് വെയർ ഡിസൈൻ, ഫാഷൻ കമ്യൂണിക്കേഷൻ ബിഡിസ് ബിരുദങ്ങൾ, അപ്പാരൽ പ്രൊഡക്ഷനിലെ ബിഎഫ്ടെക്, ഡിസൈൻ / ഫാഷൻ മാനേജ്മെന്റ് മാസ്റ്റർ ബിരുദങ്ങൾ എന്നിവ കണ്ണൂരിലുണ്ട്. ഓരോ കോഴ്സിനും 34 സീറ്റ്. കൂടാതെ കേരളത്തിൽ പാർക്കുന്നവർക്കായി ഓരോന്നി നും 7 സീറ്റ് കൂടുതലും. എൻആർഐ / വിദേശികൾക്കു 3 സീറ്റ് വീതമുണ്ട്.

● ബിബിൻ മോൻ വർഗീസ്
62 82 77 65 83



ജോർദാനിയ മിനിസ്ട്രിയുടെ നേതൃത്വത്തിൽ രാജകുമാരി പള്ളിയിൽ നടന്ന പൊതുമാമ്മോദിസായിൽ പ്രാരംഭ കൂദാശകൾ സ്വീകരിച്ച 7 കുട്ടികളും കുടുംബാംഗങ്ങളും അഭി. പിതാവിനോടൊപ്പം

വിവാഹ ഒരുക്ക സെമിനാർ
ആത്മജ്യോതി അടിമാലി
ഡിസംബർ 16, 17, 18
രജിസ്ട്രേഷൻ എല്ലാ മാസവും 1,2 തീയതികളിൽ
Contact 9447413328, 8078755919, 6235931254



15/11/22 നു അഭി. പിതാവ് വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച ഉദയഗിരിയിലെ SD സന്യാസഭവനം



# സാമ്പത്തിക സംവരണം ആർക്കൊക്കെ? EWS സർക്കാർ ജോലിക്കും വിദ്യാഭ്യാസത്തിനും എങ്ങനെ ഉപകരിക്കും ?



ബിബിൻ മോൻ വർഗീസ്
62 82 77 65 83



**നാല് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള മുന്നാക്ക വിഭാഗക്കാർക്കാണ് സാമ്പത്തികസംവരണത്തിന് അർഹത. സംവരണേതര വിഭാഗക്കാരായ സാമ്പത്തികമായി പിന്നാക്കമായ ഹിന്ദു, ക്രിസ്ത്യൻ, ഇതര മുന്നാക്ക വിഭാഗക്കാർക്ക് ഈ ഉത്തരവിന്റെ ഗുണം ലഭിക്കും.ഏതെങ്കിലും ഒരു തസ്തികയിലേക്ക് പി.എസ്.സി. വഴി അപേക്ഷിക്കുമ്പോൾ മറ്റ് സംവരണങ്ങൾ ലഭിക്കാത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ പി.എസ്.സിയുടെ ഒറ്റത്തവണ പ്രൊഫൈലിൽ സംവരണം ക്ലെയിം ചെയ്യണം.**

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് തൊഴിൽ, വിദ്യാഭ്യാസ മേഖലയിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തിയ ഭരണഘടനാ ഭേദഗതി സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാബെഞ്ച് ശരിവെച്ചിരിക്കുകയാണ്. സാമ്പത്തിക സംവരണത്തിൽ പിന്നാക്ക വിഭാഗങ്ങളെ ഒഴിവാക്കിയത് ഭരണഘടനാ വിരുദ്ധമല്ലെന്നാണ് സംവരണത്തെ അനുകൂലിച്ച മൂന്ന് ജസ്റ്റിസുമാരും ചൂണ്ടിക്കാണിച്ചത്. സംവരണം ഭരണഘടനാ വിരുദ്ധമാണെന്ന് ആരോപിച്ച് നൽകിയ ഹർജിയിന്മേലാണ് സുപ്രീം കോടതി നിർണായക വിധി പറഞ്ഞത്. സാമ്പത്തിക സംവരണം ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾക്ക് എതിരല്ലെന്നും കോടതിനിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് യു.യു. ലളിത്, ജസ്റ്റിസ് ദിനേശ് മഹേശ്വരി, ജസ്റ്റിസ് എസ്. രവീന്ദ്ര ഭട്ട്, ജസ്റ്റിസ് ബേല എം ത്രിവേദി, ജസ്റ്റിസ് ജെ.ബി. പാർദിവാല എന്നിവരടങ്ങിയ അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് വിധിപ്രസ്താവിച്ചത്.

103-ാം ഭേദഗതിയും സംവരണവും മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തി 2019 ജനുവരിയിലാണ് 103-ാം ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസാക്കുന്നത്. ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങളാണ് ഇതിലൂടെ ഭേദഗതി ചെയ്തത്. ഇതനുസരിച്ച് സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം നൽകാം. എന്നാൽ ഭേദഗതി വന്നപ്പോൾ മുതൽ ഈ വിഷയത്തെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധിപേരാണ് രംഗത്തെത്തിയത്. സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സംവരണം നൽകുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും സംവരണം അമ്പത് ശതമാനം കടക്കരുതെന്ന സുപ്രീം കോടതി വിധിയുടെ ലംഘനമാണ് ഭേദഗതിയെന്നും എതിർ ഹർജിക്കാർ വാദിച്ചു. കൂടാതെ എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗങ്ങളുടെ അവകാശം ഇല്ലായ്മ ചെയ്യുമെന്നും വിമർശനമുയർന്നു. എന്നാൽ ഭേദഗതി ഭരണഘടനാവിരുദ്ധമല്ലെന്നും എസ്.സി, എസ്.ടി, ഒ.ബി.സി സംവരണത്തെ സാമ്പത്തിക സംവരണം യാതൊരു തരത്തിലും ബാധിക്കില്ലെന്നും സർക്കാർ വാദിച്ചു. സാമ്പത്തിക സംവരണവും കേരളവും സാമ്പത്തിക സംവരണം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഇതനുസരിച്ച് വിദ്യാഭ്യാസ രംഗത്തും പി.എസ്.സി നിയമനത്തിലും സാമ്പത്തിക സംവരണം നടപ്പാക്കാനായി ഉത്തരവിറങ്ങിക്കഴിഞ്ഞു. മെഡിക്കൽ, എൻജിനീയറിങ് അടക്കമുള്ള പ്രഫഷണൽ കോഴ്സുകൾക്കും കേന്ദ്രസർവകലാശാലാ പ്രവേശനങ്ങൾക്കുമെല്ലാം സാമ്പത്തിക സംവരണം നടപ്പിലാക്കിക്കഴിഞ്ഞു.2020 ഒക്ടോബർ 23നാണ് സംസ്ഥാന സർവിസിൽ സാമ്പത്തികസംവരണം ഏർപ്പെടുത്തുന്ന വിജ്ഞാപനം സർക്കാർ പുറത്തിറക്കിയത്. ഇതനുസരിച്ച് 23.10.2000 മുതൽ നിലവിലും അതിനുശേഷം പി.എസ്.സി പുറപ്പെടുവിക്കുന്നതുമായ വിവിധ തസ്തികകളിലേക്കുള്ള തൊഴിൽ വിജ്ഞാപനങ്ങൾക്ക് സംവരണം ബാധകമായിരിക്കും.

സാമ്പത്തിക സംവരണം ഉൾപ്പെടുത്തിയ പി.എസ്.സി വിജ്ഞാപനങ്ങൾ ഇതിനോടകം വന്നുകഴിഞ്ഞു. എന്നാൽ, സാമ്പത്തിക സംവരണം നടപ്പാക്കിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. അതിന്റെ നടപടികൾ പുരോഗമിക്കുകയാണ്.പ്രഫഷണൽ കോഴ്സുകളിലെ സാമ്പത്തിക സംവരണം എൻജിനിയറിങ്, മെഡിക്കൽ ഉൾപ്പെടെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് മുന്നാക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്തു ശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവിഭാഗത്തിലും മറ്റ് സംവരണസീറ്റുകളിലും കുറവുണ്ടാകാതിരിക്കാൻ പത്തു ശതമാനം സീറ്റുകൾ സർക്കാർ അധികമായിഅനുവദിക്കുകയാണുണ്ടായത്. അടിസ്ഥാനയോഗ്യതയായ പ്ലസ് ടു മാർക്കിൽ ഇളവ് വരുത്തിയിട്ടുമുണ്ട്. സാമ്പത്തികസംവരണം അനുസരിച്ച് കുട്ടികൾ വേണ്ടത്രയില്ലാത്ത സ്വാശ്രയ എൻജിനിയറിങ് കോളേജുകൾ ഒഴികെ സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ സീറ്റുകൾ വർധിപ്പിച്ചു. യോഗ്യതാമാർക്കിലും ഇളവ് നൽകി. ഹയർസെക്കൻഡറി പ്രവേശനത്തിനും സാമ്പത്തിക സംവരണം നടപ്പാക്കി.പി.എസ്.സി പരീക്ഷകളിലെ സാമ്പത്തിക സംവരണം പൊതുവിഭാഗത്തിന് നീക്കിവെച്ചിട്ടുള്ള 50 ശതമാനത്തിൽനിന്നാണ് സാമ്പത്തിക സംവരണത്തിനുള്ള പത്ത് ശതമാനം ഒഴിവുകൾ മാറ്റുന്നത്. നാല് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള മുന്നാക്ക വിഭാഗക്കാർക്കാണ് സാമ്പത്തികസംവരണത്തിന് അർഹത. സംവരണേതര വിഭാഗക്കാരായ സാമ്പത്തികമായി പിന്നാക്കമായ ഹിന്ദു, ക്രിസ്ത്യൻ, ഇതര മുന്നാക്ക വിഭാഗക്കാർക്ക് ഈ ഉത്തരവിന്റെ ഗുണം ലഭിക്കും.ഏതെങ്കിലും ഒരു തസ്തികയിലേക്ക് പി.എസ്.സി. വഴി അപേക്ഷിക്കുമ്പോൾ മറ്റ് സംവരണങ്ങൾ ലഭിക്കാത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർഥികൾ പി.എസ്.സിയുടെ ഒറ്റത്തവണ പ്രൊഫൈലിൽ സംവരണം ക്ലെയിം ചെയ്യണം.അങ്ങനെയുള്ളവരുടെ അപേക്ഷ മാത്രമേ സംവരണത്തിന് പരിഗണിക്കുകയുള്ളൂ. ഇങ്ങനെ ക്ലെയിം ചെയ്യാത്ത ആർക്കും സെലക്ഷന്റെ ഏതൊരവസരത്തിലും ഇത്തരം പരിഗണന ലഭിക്കില്ല. സംവരണേതര വിഭാഗത്തിന്റെ (OC Turn) 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ ഊഴക്കാർക്ക് (Turn) ഈ ആനുകൂല്യം (ക്ലെയിം ചെയ്തവർക്ക് മാത്രം) ലഭിക്കും.

സാധ്യതാ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഇത്തരക്കാരായ ഉദ്യോഗാർഥികൾ പി.എസ്.സി. പ്രമാണപരിശോധനയ്ക്ക് വിളിക്കുമ്പോൾ റവന്യൂ അധികാരികൾ (വില്ലേജ് ഓഫീസർ, തഹസിൽദാർ) നൽകിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗത്തിൽ പെടുന്നയാളാണ് (Economically weaker section) എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി.ഋണട എന്ന് ക്ലെയിം ചെയ്ത്, റവന്യൂ അധികാരിയിൽനിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ, അവർ മറ്റു വിധത്തിൽ മുഖ്യ റാങ്ക് പട്ടികയിൽ (Main List of the R/L) ഉൾപ്പെടാൻ അർഹരാണെങ്കിൽ ഋണട ആനുകൂല്യമില്ലാതെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമാണ്. ഋണട വിഭാഗക്കാർ റാങ്ക് ലിസ്റ്റിൽ ലഭ്യമല്ലാതെയാവുകയോ നിയമനശുപാർശ ചെയ്ത് ഈ വിഭാഗം ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ അവശേഷിക്കാതിരിക്കുകയോ ചെയ്താൽ ഈ ടേണിൽ അടുത്ത ഛഇയെ (ഉയർന്ന റാങ്കുള്ളയാളെ) പരിഗണിക്കുന്നതാണ്. ചുരുക്കത്തിൽ EWS എന്നാൽ Open Competition വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗമാണെന്ന് സാരം. റവന്യൂ അധികാരിയിൽനിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെയും അവകാശവാദത്തിന്റെയും (Claim) അടിസ്ഥാനത്തിലാണ് പരിഗണന.തെറ്റിദ്ധരിപ്പിച്ചാൽ നിയമനം റദ്ദാക്കും.

സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും പരാതി പരിഹാര സെല്ലുണ്ടാകും. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്നുവർഷം കൂടുമ്പോഴും പുനഃപരിശോധിക്കും. ആവശ്യമെങ്കിൽ ഭേദഗതി വരുത്തും. സാമ്പത്തികമായി പിന്നോക്കമാണെന്ന വാദം തെറ്റാണെന്ന് കണ്ടെത്തിയാൽ നിയമനം റദ്ദാക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിൽ 10 ശതമാനം സംവരണം നടപ്പാക്കാൻ പുറത്തിറക്കിയ വ്യവസ്ഥകളിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.






യേശു സാഹോദര്യ കൂട്ടായ്മയുടെ സംസ്ഥാന ഡയറക്ടർ റവ. ഫാ. മാർട്ടിൻ തട്ടിൽ, ഇടുക്കി രൂപത ഡയറക്ടർ റവ. ഫാ. ജോയ്സ് കൊച്ചിത്തം, വിവിധ സന്യാസ സമൂഹ ങ്ങളിലെ സിസ്റ്റേഴ്സ് എന്നിവർക്കൊപ്പം അസി. പ്രൊവിൻ ഷ്യൽ സി. റോസിനും ഏതാനും സിസ്റ്റേഴ്സും ദേവികുളം സബ് ജയിൽ സന്ദർശിച്ച് പ്രാർത്ഥിക്കുകയും കൗൺസി ലിംൾ നല്കുകയും ചെയ്തു.



ലോകായുക്ത ദിനത്തോടനുബന്ധിച്ച് നടത്തിയ അഖില കേരള പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ സി. ആൻ തെരേസ് നടുപറമ്പിൽ എസ് എച്ച് സമ്മാനം ഏറ്റുവാങ്ങുന്നു




# കൈത്താങ്ങായി സിഎംസി സന്യാസിനിമാർ

കോവിഡാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായി സഹായം അർഹിക്കുന്ന ആളുകളെ കണ്ടെത്തി സഹായം നൽകുകയാണ് സിഎംസി കാർമ്മൽഗിരി പ്രൊവിൻസ്. കോടാനന്തരം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് ഒരു കൈത്താങ്ങാണ് സന്യാസിനിമാർ ഒരുക്കുന്ന ഈ സഹായങ്ങൾ. ദിവസവും 225 പേർക്ക് ഒരു നേരം ഭക്ഷണം നൽകിവരുന്നു. ഒപ്പം മാസംതോറും 10 പേർക്ക് 10000 രൂപ വെച്ച് മൂന്ന് വർഷത്തേക്ക് നൽകുന്നു. സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി 20 ഇതിനോടകം ധനസഹായം നൽകി കഴിഞ്ഞു.ഇടുക്കി സിഎംസി കാർമൽ ഗിരി പ്രോവിൻസിലെ  സോഷ്യൽ സർവീസ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ സഹായങ്ങൾ വിതരണം ചെയ്യുന്നത്.



കോൺഫറൻസ് ഓഫ് കാത്തലിക് സൈക്കോളജിസ്റ്റ് ഓഫ് ഇന്ത്യയുടെ നാഷണൽ സെക്രട്ടറിയായി ഡോ സി ബീന ചേറ്റാനി SABS തിരഞ്ഞെടുക്കപ്പെട്ടു. ഇടുക്കി പ്രൊവിൻസ് അംഗമായ സിസ്റ്റർ ബീന  പ്രൊവിൻഷ്യൽ കൗൺസിലറും തൂക്കുപാലം വിജയമാതാ പബ്ലിക് സ്കൂൾ പ്രിൻസിപ്പലും ആണ്



അൽഫോൻസാ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിൽ കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻസ്റ്ററി സൗജന്യമായി നൽകുന്ന സെന്ററില് ഓക്സിജൻ പ്ലാന്റിന്റെ ഉദ്ഘാടനം
മന്ത്രി ശീ. റോഷി അഗസ്റ്റ്യൻ നിർവഹിക്കുന്നു.
ഡോ. സുഗുണ FCC സമീപം

## ബത്‌ലഹേം കാരിത്താസ്

(ഇടുക്കി രൂപത ജീവകാരുണ്യ പ്രസ്ഥാനം)

ഇടുക്കി ഗവ. മെഡിക്കൽ കോളേജിലെയും ഗവ. ആയുർവ്വേദ ആശുപത്രിയിലെയും നിർധനരായ 350 ഓളം രോഗികൾക്ക്എല്ലാ ദിവസവും സൗജന്യമായി അത്താഴം നൽകുന്ന ശുശ്രൂഷ.
കൂടാതെ രോഗികൾക്ക് രോഗീലേപനം തുടങ്ങി ആത്മീയ ശുശ്രൂഷകളും നൽകുന്നു.

വിവിഹം, ജന്മദിനം, വിവാഹ വാർഷികം, മരണവാർഷികം തുടങ്ങിയ നിങ്ങളുടെ ആഘോഷവസരങ്ങളിൽ ഒരു വിഹിതം ഈ ജീവകാരുണ്യ ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കാം. ഒരു ദിവസത്തെ ഭക്ഷണത്തിന്റെ തുക 3500 രൂപ.

വിശദ വിവരങ്ങൾക്ക്
ഡയറക്ടർ ബെത്‌ലഹേം കാരിത്താസ് .
സെന്റ് ജോർജ് ചർച്ച്. ഇടുക്കി . 9446334011, 9947866815

# സംസ്ഥാന സ്പെഷൽ സ്കൂൾ കായികമേള : കാർമ്മൽജ്യോതിക്ക് കിരീടം



സംസ്ഥാന സ്പെഷൽ സ്കൂൾ കായിക മത്സരത്തിൽ അടിമാലി കാർമൽ ജ്യോതിക്ക് ഓവറോൾ കിരീടം. 181 പോയിന്റ് നേടിയാണ് അടിമാലി കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കിയത്. സബ്ജൂനിയർ ജൂനിയർ സീനിയർ സൂപ്പർ സീനിയർ വിഭാഗങ്ങളിലായി 56 ഇനങ്ങളിലാണ്  മത്സരങ്ങൾ നടന്നത്. മത്സരത്തിൽ പങ്കെടുത്ത കാർമൽ ജ്യോതിയിലെ 50 കുട്ടികളിൽ 24 കുട്ടികൾ ഒന്നാം സ്ഥാനവും 22 കുട്ടികൾ രണ്ടാം സ്ഥാനവും 12 കുട്ടികൾ മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് സർട്ടിഫിക്കറ്റും മെഡലും നൽകി റോട്ടറി ക്ലബ് ആദരിച്ചു. ബെന്നി ബഹനാൻ എം.പി സ്കൂളിന് ട്രോഫി സമ്മാനിച്ചു. സംസ്ഥാനതലത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന ഏക സ്പോർട്സ് അക്കാദമിയാണ് കാർമൽജ്യോതി സ്പോർട്സ് അക്കാദമി. കുട്ടികളെ കണ്ടെത്തി അവരെ ദേശീയ, അന്തർദേശീയ  തലത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ അധ്യാപകരുടെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടു വർഷമായി സ്പോർട്സ് അക്കാദമി പ്രവർത്തിച്ചുവരുന്നു. തുടർച്ചയായ പരിശീലനത്തിന്റെ പ്രതിഫലം കൂടിയാണ് ഓവറോൾ കിരീടം നേടാൻ സഹായിച്ചതെന്നും സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ബിജി ജോസ് പറഞ്ഞു.

# രണ്ടാംഘട്ട ഭൂസമരത്തിന് ആഹ്വാനം ചെയ്ത് കത്തോലിക്കാ കോൺഗ്രസ്




ജില്ലയിലെ ഭൂപ്രശ്നങ്ങൾക്കെതിരെ രണ്ടാംഘട്ട സമരം പ്രഖ്യാപിച്ചു കൊണ്ട് കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപതയുടെ നേതൃത്തിൽ കർഷക കൺവൻഷൻ നടത്തപ്പെട്ടു. ഇടുക്കി രൂപത മെത്രാൻ മാർ. ജോൺ നെല്ലിക്കുന്നേ ൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.മറ്റു ജില്ലകളിലെപോലെ ഇടുക്കിയിലുള്ള മനുഷ്യരും അവകാശങ്ങൾ ഉള്ളവരാണെന്നും. ജില്ലയിലെ ജനങ്ങളോട് ഭരണകൂടം വർഷങ്ങളായി തുടരുന്ന അവഗണനയും അപമാനവും തുടരുകയാണെന്നും ജില്ലയിലെ പ്രശ്നങ്ങളിൽ ജനങ്ങൾക്കുവേണ്ടി സംസാരിക്കാനും നിയമനിർമ്മാണം നടത്താനും ആരുമില്ലാത്ത അവസ്ഥയാണ് ഉണ്ടായിരിക്കുന്നതെന്നും. രണ്ടാം തരം പൗരന്മാരായാണ് ഇടുക്കിയിലെ ജനങ്ങളെ അധികാരികൾ കാണുന്നതെന്നും. ജില്ലയിൽ നിന്നും സ്വയം ഒഴിഞ്ഞു പോകാൻ പ്രേരിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും കൺവെൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് മാർ ജോൺ നെല്ലിക്കുന്നേൽ പറഞ്ഞു. ബഫർ സോൺ വിഷയത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ ധീരമായ ഇടപെടലും സമരങ്ങളും ജനങ്ങളിൽ പ്രത്യാശയുണർത്തിയിരിക്കുകയാണെന്നും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സമരങ്ങൾക്ക് രൂപതയുടെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി ബിഷപ് പറഞ്ഞു. കൺവൻഷന്കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ചു. ദീപിക സീനിയർ റിപ്പോർട്ടർ കെ.എസ്. ഫ്രാൻസിസ് വിഷയാവതരണം നടത്തി. രൂപത ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ, രൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവകണ്ടം, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിൻസ് കാരക്കാട്ട്, ട്രഷറർ ബേബി കൊടകല്ലിൽ തുടങ്ങിയവർ പ്രസംഗിച്ചു.ആദ്യഘട്ട സമരങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ ഭൂവിഷയങ്ങളിൽ പരിഹാരം ഉണ്ടാക്കാം എന്ന് ഉറപ്പ് നൽകിരുന്നെങ്കിലും ഇത് പാലിക്കപ്പെടാതെ വന്നതോടെയാണ് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപത രണ്ടാംഘട്ട സമരപരിപാടികൾക്ക് തുടക്കം കുറിച്ചത്. ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുക, ബഫർ സോൺ വനത്തിനുള്ളിൽ മാത്രമായി നിലനിർത്തുക, നിർമ്മാണ നിരോധനം പിൻവലിക്കുക, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുക വനാതിർത്തികളിലെ കുടിയിറക്ക് നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത സമിതി രണ്ടാംഘട്ട കർഷക സമരത്തിന് തയ്യാറെടുക്കുന്നത്.യൂണിറ്റുകൾ കേന്ദ്രീകരിച്ചുള്ള സമരങ്ങൾക്കാണ് കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകുക.




## കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിപാടികൾ

20–11–22 – വെള്ളയാംകുടി യൂണിറ്റ്
കർഷക കൺവൻഷൻ

25 – 11 – 22
പേഴുംകിാം യൂണിറ്റ്
കർഷക കൺവൻഷൻ

26–11–22
മരിയാപുരം യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം

27 – 11 – 22
കരിമ്പൻ യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം

3 – 12 – 22
വാഴത്തോപ്പ് യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം, തടിയമ്പാട്

4 –12 –22
വാഴവര യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം

4 –12–22
ഉദയഗിരി യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം

10–12–22
വെള്ളത്തൂവൽ മേഖല
കർഷക കൺവൻഷൻ

17–12–22
വെള്ളയാംകുടി യൂണിറ്റ്
കർഷക പ്രതിക്ഷേധ സമരം

# തങ്കമണിക്ക് പുളകച്ചാർത്തായി മിഷൻലീഗ് പ്രേഷിത റാലി



തങ്കമണി ഗ്രാമത്തിന്റെ ചരിത്രത്തിൽ തങ്കം ചാർത്തി ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രേഷിത റാലി. ഒരു വർഷം നീണ്ടുനിന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് നടന്ന വിശ്വാസപ്രഘോഷണം റാലി തങ്കമണി ഗ്രാമത്തെ പുളകച്ചാർത്തണിയിച്ചു. തങ്കമണി സെന്റ് തോമസ് പള്ളി അങ്കണത്തിൽ നിന്ന് ആരംഭിച്ച റാലിയുടെ പിൻനിര ടൗൺ ചുറ്റി പാരിഷ് ഹാളിൽ എത്താൻ രണ്ടുമണിക്കൂറിലധികമെടുത്തു.ഇടുക്കി രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി എത്തിയ ആറായിരത്തിലധികം കുഞ്ഞുമിഷനറിമാർ റാലിയിൽ അണിനിരന്നു. രൂപത പ്രസിഡന്റ് ജോർജുകുട്ടി സെബാസ്റ്റ്യൻ നയിച്ച പ്രേഷിത റാലിയിൽ ഇടുക്കി മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ,മാർ ജോസഫ് കൊടകല്ലിൽ, വികാരി ജനറാൾമാർ, വൈദികർ, സന്യാസിനിമാർ, തുടങ്ങിയവർ മുൻനിരയിൽ അണിചേർന്നു. 75 മാലാഖ വേഷധാരികളും 75 വിശുദ്ധരുടെ വേഷധാരികളും റാലിയുടെ ആകർഷണമായി മാറി. ചെമ്മഞ്ഞ കൊടികൾ മുന്നോട്ടു നീങ്ങിയ റാലിയിൽ ഉയർന്ന വാദ്യമേളങ്ങളും മുദ്രവാക്യങ്ങളും ടൗണിനെ ആവേശം കൊള്ളിച്ചു നിശ്ചിത ദൃശ്യങ്ങളും റാലിയെ കൂടുതൽ ചേതോഹരമാക്കി. തങ്കമണി മേഖല ആതിഥേയത്വം വഹിച്ച പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ പുറമേ ഇരട്ടയാർ വെള്ളയാംകുടി കൂമ്പൻപാറ, പാറത്തോട്, മുരിക്കാശ്ശേരി, കുഞ്ചിത്തണ്ണി, രാജാക്കാട്, നെടുങ്കണ്ടം, മാങ്കുളം, വെള്ളത്തൂവൽ, ചുരുളി, വാഴത്തോപ്പ് മേഖലകളിൽ നിന്നുള്ള മിഷൻ ലീഗ് പ്രവർത്തകർ പങ്കെടുത്തു

## പ്രേഷിത റാലിയിൽ അണിനിരന്ന ആയിരങ്ങൾക്ക് ഭക്ഷണം തയ്യാറാക്കി ബത്‌ലഹേം കാരിത്താസ്.

തങ്കമണിയിൽ പ്രേഷിത റാലിയിൽ എത്തിയ ആയിരക്കണക്കിന് മിഷൻലീഗ് അംഗങ്ങൾക്ക് ഭക്ഷണം തയ്യാറാക്കി ബത്‌ലഹേം കാരിത്താസ്. ഇടുക്കി ഇടവകാംഗങ്ങളുടെ സഹകരണത്തോടെയാണ് 6000 പേർക്ക് വിഭവസമൃദ്ധമായ ഭക്ഷണം ക്രമീകരിച്ചത്. ഇടുക്കി മെഡിക്കൽ കോളേജിലും ആയുർവേദ ആശുപത്രിയിലും കിടപ്പുരോഗികൾക്ക് അത്താഴം എത്തിക്കുന്ന ശ്രദ്ധേയമായ ശുശ്രൂഷ വർഷങ്ങളായി കാരിത്താസ് നടത്തിവരുന്നു. ഫാ. ജോസഫിന്റെ നേതൃത്വത്തിലാണ് ഭക്ഷണം സജ്ജമാക്കിയത്.





## സംഘാടക മികവിൽ തങ്കമണി

മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപനത്തിന് ആതിഥേയത്വം വഹിച്ച തങ്കമണിയുടെ സംഘാടക മികവ് ശ്രദ്ധേയമായി. ഇത്രയും വലിയ ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞത് പൊതുസമൂഹത്തിന് ആശ്ചര്യമായി. ഇടുക്കി രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി എത്തിയ മുഴുവൻ വാഹനങ്ങളും പാർക്ക് ചെയ്യാനുള്ള ക്രമീകരണങ്ങൾ ഒരുക്കി. ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ ടൗണിലുള്ള മുഴുവൻ വാഹനങ്ങളും പ്രേഷിത റാലിയുടെ സമയത്ത് മാറ്റി പാർക്ക് ചെയ്തു. റാലിയിൽ പങ്കെടുത്തവർക്ക് കുടിവെള്ളവും തിരക്കുകൾ കുറയ്ക്കാൻ ഗ്രൗണ്ടിൽ 10 കൗണ്ടറുകളിലായി ഭക്ഷണവും ക്രമീകരിച്ചു. തങ്കമണി ഫൊറോന പള്ളി വികാരി റവ. ഡോ. ജോസ് മാറാട്ടിൽ, അസി. വികാരി ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ, കൈകാരന്മാരായ ശ്രീ ബിജു കാലാപ്പറമ്പിൽ, ശ്രീ ജോയ് മഠത്തിനാത്ത്, ശ്രീ ബിനോയി പുത്തൻപുര, സി. എമിലിൻ എസ്.എ.ബി.എസ്, സി. മെറിൻ എസ്.എ.ബി.എസ് എന്നിവരുടെ നേതൃത്വത്തിലാണ് ഒരുക്കങ്ങൾ നടത്തിയത്. തങ്കമണിയിലെ വ്യാപാരികൾ ഡ്രൈവേഴ്സ് യൂണിയൻ അംഗങ്ങൾ പൊതുപ്രവർത്തകർ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനവും സഹകരണവും പ്രശംസനീയമായിരുന്നു.



## FCC സന്യാസിനിമാർ മക്കുവള്ളിയിൽ സമൃദ്ധി പ്രൊജക്റ്റ് നടപ്പിലാക്കി

**നിർമ്മൽറാണി പ്രോവിൻസിന്റെ ഗ്രാമസമുദ്ധാരണ കേന്ദ്രമായ മക്കുവള്ളി ഗ്രാമത്തിൽ NISSO സോഷ്യൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പും സമൃദ്ധി പ്രോജക്ടിന്റെ ഭാഗമായുള്ള സൗജന്യ ആട് വിതരണവും നടത്തി. ഡോ. സി. സുഗുണ,സി. ജീസ, ഹോസ്പിറ്റൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി**



## കേക്ക് മിക്സിങ് കോമ്പറ്റിഷൻ & ഫുഡ് ഫെസ്റ്റ്

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മിക്സിങ് കോമ്പറ്റിഷനും ഫുഡ്ഫെസ്റ്റും നടത്തപെടുന്നു.
കെ സി വൈ എം രൂപത സമിതി നേതൃത്വം നൽകുന്ന പരിപാടിയിൽ
മിഷൻ ലീഗ്, മാതൃ വേദി, മറ്റു സംഘടനകൾ,കോളേജ്, സ്കൂൾ , എന്നീ സ്ഥാപനങ്ങൾക്ക് പങ്കെടുക്കാം,
വിശദ വിവരങ്ങൾ കെ സി വൈ എം രൂപത സമിതി അറിയിക്കുന്നതാണ്


Better than the best....
CMI സഭയുടെ
വിദേശ ഭാഷാപഠനകേന്ദ്രം
ചെറുതോണിയിലും!
(ഗിരിജ്യോതി ക്യാമ്പസ്)
IELTS - OET
GERMAN
( A1, A2, B1, B2 )
REV. FR. BIJU KOOTTAPLACKAL CMI
Provincial, Carmel Province Muvattupuzha
REV. FR. RINOJ VATTAKKANAYIL CMI
Corporate Manager
REV. FR. SIMON PAZHAMPILLIL CMI
Director
CMI CARMEL
CHARITABLE TRUST
INTERNATIONAL LANGUAGE ZONE
BETTER THAN THE BEST
CHERUTHONI 85 929 777 22
THODUPUZHA 95 44 8777 22
MUVATTUPUZHA 95 44 3000 53




Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala, Printed at Viani Printings, Viani Road, Ernakulam North P.B.No.3062, Kochi-18 Kerala, India. Published from Christujyothi Pastoral Centre, Editor: Fr Jins Karakkattu